# ഗവൺമെന്റ് ഹൈസ്കൂൾ,
# അയിലം



# സയൻസ് ക്ലബ്
# ശാസ്ത്ര രംഗം

## ക്ലബ്ബ് റിപ്പോർട്ട്

2019-20

# ഗവൺമെന്റ് ഹൈസ്കൂൾ, അയിലം

## ശാസ്ത്ര ക്ലബ്

എൽ പി ക്ലാസ് മുതൽ ഹൈസ്കൂൾ ക്ലാസ് വരെ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് 2019 20 അധ്യയന വർഷം സ്കൂളിൽ നടത്തിയത്. സ്കൂളിൽ വിവിധ ക്ലബുകൾക്ക് പ്രത്യേകം ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ ക്ലാസിലും താൽപര്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട ക്ലബ് അംഗങ്ങൾ ഉണ്ട്. അംഗങ്ങൾ ഓരോ ആഴ്ചയിലും ശാസ്ത്ര ക്വിസ് മൽസരം ക്ലാസ് അടിസ്ഥാനത്തിലും സ്കൂൾ അടിസ്ഥാനത്തിലും നടത്തുന്നു ശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ ഉച്ചയ്ക്ക് 1.20 ന് മൽസരം ആരംഭിക്കും ആരെയും നിർബന്ധിച്ചല്ല മൽസരങ്ങൾ നടത്തുന്നത്, കൂടാതെ ശാസ്ത്ര വിഷയങ്ങളെ സംബന്ധിക്കുന്ന കുട്ടികളുടെ സംശയങ്ങൾക്ക് സംശയപ്പെട്ടിയും ഓരോ ക്ലാസിലും പാഠഭാഗവുമായി ബന്ധപ്പെടുത്തി കൈയെഴുത്തു മാസികയും തയ്യാറാക്കുന്നു. കൈയ്യെഴുത്തു മാസിക തയ്യാറാക്കുന്നതിൽ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകും. മികച്ച മാസികയ്ക്കും രചനകൾക്കും പ്രത്യേകമായി സമ്മാനങ്ങളും പ്രശംസയും സ്കൂൾ അസംബ്ലിയിൽ നൽകുന്നു. കേരള സ്കൂൾ ശാസ്ത്രോൽസവത്തോടനുബന്ധിച്ച് എൽ.പി, യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി ക്ലാസ് തല മൽസരങ്ങളും സ്കൂൾ തല മൽസരങ്ങളും സംഘടിപ്പിക്കുന്നു. മികച്ചവ സബ് ജില്ലാതലത്തിലേയ്ക്ക് മൽസരത്തിനായി അയക്കുന്നു.



പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശസ്ത്രരംഗം പദ്ധതിയുടെ ഭാഗമായി 201920 അധ്യയന വർഷം ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, പ്രവൃത്തി പരിചയം എന്നീ ക്ലബ്ബുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശാസ്ത്ര സംഗമത്തിൽ സ്കൂൾ തലത്തിൽ നേഘ സുമൻ, മഞ്ചിമ.എം.എസ്, അഭിരാമി.എ.സ്, അഭിഷേക് എസ്.എസ് എന്നിവർ വിജയിക്കുകയും തുടർന്ന് ഉപജില്ലയിൽ പങ്കെടുക്കുകയും ശാസ്ത്ര വിഷയത്തിൽ മഞ്ചിമ.എം.എസ്. ജില്ലാതലത്തിൽ സെലക്ഷൻ കിട്ടി ജില്ലയിൽ നാലാം സ്ഥാനത്തിന് അർഹയായത് സ്കൂളിന് അംഗീകാരമാണ്. കുട്ടികളെ അഭിരുചിക്കനുസരിച്ച് മികവിന്റെ അടിസ്ഥാനത്തിൽ ആണ്



തെരഞ്ഞെടുക്കപ്പെട്ടത്. ഉപജില്ലാ സ്കൂൾ ശാസ്ത്രമേളയിലും ജില്ലാ ശാസ്ത്രമേളയിലും സ്കൂളിന്റെ മികവ് കുട്ടികളിലൂടെ തെളിയിക്കപ്പെട്ടു എന്നത് ശാസ്ത്ര ക്ലബിന്റെ പ്രവർത്തന മികവാണ്.










